# ഓർമ്മപ്പെടുത്തലുകൾ നിലനിൽക്കണം

കബീർ എം. പറളി

ഓർമ്മപ്പെടുത്തലുകൾ മുസ്‌ലിം ഉമ്മത്തിൽ നിരന്തരം നിലനിൽക്കണം. നന്മകളിലേക്ക് വഴി കാണിച്ചും തിൻമകളെ സംബന്ധിച്ച് മുന്നറിയിപ്പു നൽകിയും ഉദ്ബോധനങ്ങൾ നിലനിൽക്കുമ്പോൾ വ്യക്തികളുടെ ജീവിതം പവിത്രമായ പാതയിലൂടെ മുന്നോട്ടു പോകും. ''നീ ഉദ്ബോധിപ്പിക്കുക, തീർച്ചയായും ഉദ്ബോധനം മുഅ്മിനുകൾക്ക് ഉപകരിക്കുന്നതാണ്.'' (ദാരിയാത്ത്: 55) എന്ന് പടച്ച തമ്പുരാൻ നിർദ്ദേശിച്ചിട്ടുള്ളത് അത് കൊണ്ടാണ്.

ഹൃദയത്തിൽ ദൈവഭയവും ജീവിതത്തിൽ ധർമ്മനിഷ്ഠയും കാത്തുസൂക്ഷിക്കുന്ന ആരും ഉപദേശങ്ങൾക്ക് ചെവികൊടുക്കാൻ തയ്യാറാണ്. സാഹചര്യങ്ങളിലൂടെ സഞ്ചരിക്കുമ്പോൾ മറന്നോ ബോധപൂർവ്വമോ നമ്മിൽ പലതും സംഭവിക്കാം; വിശ്വാസങ്ങൾക്കും ആരാധനകൾക്കും സ്വഭാവനിഷ്ഠകൾക്കും നിരക്കാത്ത പലതും. അത്യധികം സൂക്ഷ്മത പുലർത്തേണ്ട കച്ചവട മേഖലകളിലും ക്രയവിക്രയ രംഗങ്ങളിലും, ദേഹേച്ഛകളുടെ പ്രേരണയാൽ നാം അനാവശ്യങ്ങൾ പ്രവർത്തിച്ചിട്ടുണ്ടാകാം. ഇത്തരം സന്ദർഭങ്ങളിലെല്ലാം വിശ്വാസികളുടെ ഭാഗത്തു നിന്നുണ്ടാകുന്ന ഗുണകാംക്ഷയോടെയുള്ള ഓർമ്മപ്പെടുത്തലുകൾ മുഅ്മിനുകൾക്ക് വിചിന്തനത്തിനും, വിശുദ്ധീകരണത്തിനും അവസരമൊരുക്കിക്കൊടുക്കും. പടച്ചതമ്പുരാനെ ഭയന്ന്, അവിവേകങ്ങളിൽ നിന്ന് അകന്ന് ജീവിതത്തെ നേർവഴിയിലേക്ക് കൊണ്ടുവരാൻ അങ്ങനെ അവർക്ക് സാധിക്കും. അല്ലാഹു പറഞ്ഞു:

''അതിനാൽ ഉപദേശം ഫലപ്പെടുന്നുവെങ്കിൽ നീ ഉപദേശിച്ചു കൊള്ളുക. ഭയപ്പെടുന്നവർ ഉപദേശം സ്വീകരിച്ചു കൊള്ളുന്നതാണ്.'' (അഅ്ല: 9, 10)

ഉപദേശിക്കണമെന്ന് പറയുമ്പോൾ, ഉപദേശകരുടെ ഒരു കൂട്ടവും ഉപദേശം കേൾക്കുന്നവരുടെ മറ്റൊരു കൂട്ടവും എന്ന നിലക്ക് രണ്ട് വ്യത്യസ്ത വിഭാഗങ്ങൾ സദാ നിലനിൽക്കണം എന്ന അർഥത്തിലല്ല ഉള്ളത്. ഉപദേശം നൽകുന്നവരും അത് സ്വീകരിക്കാനും പാലിക്കാനും സന്മനസ്സുള്ളവരാകണം. ഖുർആൻ പഠിപ്പിക്കുന്നത് അന്യോന്യമുള്ള ഉപദേശങ്ങളേയും ഓർമ്മപ്പെടുത്തലുകളേയുമാണ്; അത് ഏകപക്ഷീയമായ ഒന്നല്ല.

''കാലം തന്നെയാണ് സത്യം, തീർച്ചയായും മനുഷ്യൻ നഷ്ടത്തിൽ തന്നെയാകുന്നു; വിശ്വസിക്കുകയും സൽകർമ്മങ്ങൾ പ്രവർത്തിക്കുകയും, സത്യം കൈക്കൊള്ളാൻ അന്യോന്യം ഉപദേശിക്കുകയും ക്ഷമ കൈക്കൊള്ളാൻ അന്യോന്യം ഉപദേശിക്കുകയും ചെയ്തവരൊഴികെ.'' (അസ്ർ)

പരസ്പരോപദേശ മനസ്ഥിതി സഹജീവിയോടുള്ള സ്നേഹത്തിന്റേയും ഗുണകാംക്ഷയുടേയും ഭാഗമാണ്. വിശ്വാസികളിൽ ഈ മനസ്ഥിതി വളർന്നു പന്തലിച്ചു നിൽക്കണം. സഹോദരനിൽ കാണുന്ന തിന്മകളെ ചൂണ്ടിക്കാണിച്ച് അവയെ ഇല്ലാതാക്കാനും, അവനിലുണ്ടാകേണ്ട ഇസ്‌ലാമിക നന്മകളെ ബോധ്യപ്പെടുത്തി അവയിലേക്കവനെ ആനയിക്കാനും ഒരു മുഅ്മിൻ ശ്രമിക്കുന്നത്, ഇഹലോകത്ത് മാത്രമല്ല, പരലോകത്ത് നാളെ സ്വർഗത്തിലും അവന്റെ സാമീപ്യം തന്നോടൊപ്പം ഉണ്ടാകണം എന്ന ആശകൊണ്ടാണ്. 'നീ മുഖേന അല്ലാഹു ഒരാൾക്ക് ഹിദായത്തിന്റെ മാർഗം കാണിച്ചു കൊടുക്കുന്നുവെങ്കിൽ അതാണ് ദുനിയാവിലെ ഏതൊരു സമ്പാദ്യത്തേക്കാളും മെച്ചമായത്' എന്ന പ്രവാചക ഉപദേശമാണ് അവന്ന് അതിന്നുള്ള പ്രചോദനമായിത്തീരുന്നത്.

ഒരു സമൂഹത്തിന്റെ നന്മയെ ലാക്കാക്കി രണ്ടല്ല, മൂന്ന് ദൂതന്മാരെ നിയോഗിച്ചിട്ടും അവർക്ക് ചെവിക്കൊടുക്കാതിരുന്ന ഒരു സമൂഹത്തെ ഉപദേശിക്കാൻ ശ്രദ്ധകാണിക്കുന്ന ഒരു മനുഷ്യന്റെ കഥ സൂറത്തു യാസീനിൽ അല്ലാഹു വിവരിച്ചു തരുന്നുണ്ട്. വിഷയത്തിന്റെ ഗൗരവമുൾക്കൊള്ളാൻ ആ വചനങ്ങൾ അങ്ങനെത്തന്നെ വായിച്ചു നോക്കുക:

''ആ രാജ്യക്കാരെ ഒരു ഉദാഹരണമെന്ന നിലയ്ക്ക് നീ അവർക്ക് പറഞ്ഞു കൊടുക്കുക. ദൈവദൂതൻമാർ അവിടെ ചെന്ന സന്ദർഭം.

അവരിലേക്ക് രണ്ടുപേരെ നാം ദൂതൻമാരായി അയച്ചപ്പോൾ അവരെ അവർ നിഷേധിച്ചു തള്ളി. അപ്പോൾ ഒരു മൂന്നാമനെക്കൊണ്ട് നാം അവർക്ക് പിൻബലം നൽകി. എന്നിട്ടവർ പറഞ്ഞു: തീർച്ചയായും ഞങ്ങൾ നിങ്ങളുടെ അടുത്തേക്ക് നിയോഗിക്കപ്പെട്ടവരാകുന്നു.

അവർ (ജനങ്ങൾ) പറഞ്ഞു. നിങ്ങൾ ഞങ്ങളെ പോലെയുള്ള മനുഷ്യർ മാത്രമാകുന്നു. പരമ കാരുണികൻ യാതൊന്നും അവതരിപ്പിച്ചിട്ടില്ല. നിങ്ങൾ കളവ് പറയുക തന്നെയാണ്.

അവർ (ദൂതൻമാർ) പറഞ്ഞു: ഞങ്ങളുടെ രക്ഷിതാവിനറിയാം; തീർച്ചയായും ഞങ്ങൾ നിങ്ങളുടെ അടുക്കലേക്ക് നിയോഗിക്കപ്പെട്ടവർ തന്നെയാണെന്ന്. വ്യക്തമായ പ്രബോധന മല്ലാതെ ഞങ്ങൾക്ക് യാതൊരു ബാധ്യതയുമില്ല.

അവർ (ജനങ്ങൾ) പറഞ്ഞു: തീർച്ചയായും ഞങ്ങൾ നിങ്ങളെ ഒരു ദുശ്ശകുനമായി കരു തുന്നു. നിങ്ങൾ (ഇതിൽ നിന്ന്) വിരമിക്കാത്ത പക്ഷം നിങ്ങളെ ഞങ്ങൾ എറിഞ്ഞോടിക്കുക തന്നെ ചെയ്യും. ഞങ്ങളിൽ നിന്ന് വേദനിപ്പിക്കുന്ന ശിക്ഷ നിങ്ങളെ സ്പർശിക്കുക തന്നെ ചെയ്യും.

അവർ (ദൂതൻമാർ) പറഞ്ഞു: നിങ്ങളുടെ ശകുനപ്പിഴ നിങ്ങളുടെ കൂടെയുള്ളത് തന്നെയാ കുന്നു. നിങ്ങൾക്ക് ഉൽബോധനം നൽകപ്പെട്ടാൽ ഇതാണോ (നിങ്ങളുടെ നിലപാട്?) എന്നാൽ നിങ്ങൾ ഒരു അതിരുകവിഞ്ഞ ജനത തന്നെയാകുന്നു.

പട്ടണത്തിന്റെ അങ്ങേ അറ്റത്ത് നിന്ന് ഒരാൾ ഓടിവന്ന് പറഞ്ഞു: എന്റെ ജനങ്ങളേ, നിങ്ങൾ ദൂതൻമാരെ പിന്തുടരുവിൻ. നിങ്ങളോട് യാതൊരു പ്രതിഫലവും ചോദിക്കാത്തവരും സൻമാർഗം പ്രാപിച്ചവരും ആയിട്ടുള്ളവരെ നിങ്ങൾ പിന്തുടരുക.

ഏതൊരുവൻ എന്നെ സൃഷ്ടിച്ചുവോ, ഏതൊരുവന്റെ അടുത്തേക്ക് നിങ്ങൾ മടക്കപ്പെടു ന്നുവോ അവനെ ഞാൻ ആരാധിക്കാതിരിക്കാൻ എനിക്കെന്തുന്യായം?

അവനു പുറമെ വല്ല ദൈവങ്ങളേയും ഞാൻ സ്വീകരിക്കുകയോ? പരമകാരുണികൻ എനിക്ക് വല്ല ദോഷവും വരുത്താൻ ഉദ്ദേശിക്കുന്ന പക്ഷം അവരുടെ ശുപാർശ എനിക്ക് യാതൊരു പ്രയോജനവും ചെയ്യുകയില്ല. അവർ എന്നെ രക്ഷപ്പെടുത്തുകയുമില്ല. അങ്ങനെ ചെയ്യുന്ന പക്ഷം തീർച്ചയായും ഞാൻ വ്യക്തമായ ദുർമാർഗത്തിലായിരിക്കും.

തീർച്ചയായും ഞാൻ നിങ്ങളുടെ രക്ഷിതാവിൽ വിശ്വസിച്ചിരിക്കുന്നു. അത് കൊണ്ട് നിങ്ങൾ എന്റെ വാക്ക് കേൾക്കുക.'' (യാസീൻ: 13-25)

വിശ്വാസികൾക്ക് പാഠങ്ങളെമ്പാടും നൽകുന്നതാണ് മേൽസൂചിത വചനങ്ങൾ. സമുഹത്തെ നന്മയിലേക്ക് വഴിനടത്താനെത്തിയ ഉദ്ബോധകരായിരുന്നു പ്രവാചകന്മാർ. ഉപദേശങ്ങ ളോട് പുറം തിരിഞ്ഞുനിൽക്കുന്നവരായിരുന്നിട്ടും ജനങ്ങളെ ഉദ്ബോധിപ്പിച്ചു കൊണ്ടിരുന്ന വരായിരുന്നു അവർ. ആളുകളുടെ ദുർവാശിയും സത്യത്തോടും സത്യപ്രബോധകരോടും അവർക്കുള്ള വെറുപ്പും കണ്ട ഒരു മനുഷ്യൻ ഇവിടെ തന്റെ ധർമ്മം തിരിച്ചറിഞ്ഞ് ഓടിയെത്തുകയാണ്. വെറുമൊരു ഉപദേശകന്റെ റോളല്ല ഈ മനുഷ്യന്റേത്. 'ഞാനിതാ നിങ്ങളുടെ രക്ഷിതാവിൽ വിശ്വസിച്ചിരിക്കുന്നു' എന്ന് ആദ്യം സ്വയം പ്രസ്താവിച്ച് തന്റെ നിലപാട് അസന്നിഗ്ദം വ്യക്തമാക്കിയിട്ടാണ്, 'അത് കൊണ്ട് നിങ്ങൾ എന്റെ വാക്ക് കേൾക്കുക' എന്ന് ആ മനുഷ്യൻ ആവശ്യപ്പെടുന്നത്. അതെ, സത്യോപദേശം ഉൾക്കൊണ്ട ഒരു വ്യക്തിക്കേ, സത്യോപദേശവുമായി ആളുകളിലേക്കിറങ്ങിച്ചെല്ലാൻ സാധിക്കൂ. ഉപദേശങ്ങളിൽ വെച്ച് ഏറ്റവും ഉൽകൃഷ്ടമായ ഉപദേശം സ്രഷ്ടാവിനെ മാത്രം ആരാധി ക്കാനും അവനിൽ ആരേയും പങ്കുചേർക്കാതിരിക്കാനുമുള്ള ആഹ്വാനമാണ് എന്നും മേലെ വായിച്ച ആയത്തുകളിൽ നിന്ന് മനസ്സിലാക്കാനാകും.

ലോകത്ത് ഉപദേശങ്ങളെ ഭയക്കുന്നവരും വെറുക്കുന്നവരും കുറവല്ല. ദുനിയാവിനെ ചിരിയും കളിയുമായി മാത്രം കാണുന്നവരും, അങ്കുശമില്ലാത്ത ദുരയുടെ പിന്നാലെ പാഞ്ഞു നടക്കുന്നവരും, വിശ്വാസികളിലെത്തന്നെ അർധവിശ്വാസികളും, അല്ലാഹുവിന്റെ കണിശമായ വിചാരണയെ നിസ്സാരമായി കാണുന്നവരുമൊക്കെ ഉപദേശകരേയും ഓർമ്മപ്പെടുത്തലുകളേയും വെറുപ്പോടെ കാണുന്നവരാണ്. അവരുടെ സാന്നിധ്യം ഇക്കൂട്ടരി ലെന്നും അലോസരമുണ്ടാക്കിക്കൊണ്ടിരിക്കും. എന്നാൽ, ജീവിതത്തിൽ ഉപദേശങ്ങളെ ഉൾക്കൊള്ളേണ്ടതായിരുന്നുവെന്നും, അവക്കനുസൃതം ജീവിക്കേണ്ടതായിരുന്നുവെന്നും ഓർമ്മ വരുന്ന ഒരു നാളുണ്ട്. വൈകിയെത്തുന്ന ആ ഓർമ്മ അവരിൽ യാതൊരു ഫലവും സൃഷ്ടിക്കില്ല. അല്ലാഹു പറഞ്ഞു:

''(അവർ പറയും:) ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങളിൽ നിന്ന് നീ ഈ ശിക്ഷ ഒഴിവാക്കി ത്തരേണമേ, തീർച്ചയായും ഞങ്ങൾ വിശ്വസിച്ചു കൊള്ളാം. (അപ്പോൾ) എങ്ങനെയാണ് അവർക്ക് ഉൽബോധനം ഫലപ്പെടുക? (കാര്യം) വ്യക്തമാക്കുന്ന ഒരു ദൂതൻ (ഉദ്ബോധന ങ്ങളുമായി) അവരുടെ അടുക്കൽ ചെന്നിട്ടുണ്ടായി രുന്നുവല്ലോ.'' (ദുഖാൻ: 12, 13)

‘‘അന്ന് നരകം കൊണ്ടു വരപ്പെടുകയും ചെയ്താൽ! അന്നേ ദിവസം മനുഷ്യന്ന് ഓർമ വരുന്നതാണ്. എവിടെനിന്നാണവന്ന് ഓർമ വരുന്നത്? അവൻ പറയും. അയ്യോ, ഞാൻ എന്റെ ജീവിതത്തിനു വേണ്ടി മുൻകൂട്ടി (സൽകർമ്മങ്ങൾ) ചെയ്തുവെച്ചിരുന്നെങ്കിൽ എത്ര നന്നായിരുന്നേനെ!’’ (ഫജ്ർ: 23)

വഴികാട്ടികളുടെ സാമീപ്യമറിയുകയും ഉദ്ബോധനങ്ങൾ ധാരാളം വന്നു കിട്ടുകയും ചെയ്തിട്ടും അപഥ സഞ്ചാരങ്ങളിലേർപ്പെടുന്നവർക്ക് സംഭവിക്കാനിരിക്കുന്ന ദുർഗതിയാണ് നാം മുകളിൽ വായിച്ചത്. പരസ്പരോപദേശങ്ങളെ വെറുക്കുകയോ, നിസ്സാരമായി കാണുകയൊ ചെയ്യുന്നവർ ഗൗരവപൂർവ്വം മനസ്സിരുത്തേണ്ട സംഗതിയാണ് ഇത്.

അതിനാൽ ഒന്നു കൂടി ആവർത്തിക്കട്ടെ, ഓർമ്മപ്പെടുത്തലുകൾ നമുക്കിടയിൽ നിരന്തരം നിലനിൽക്കണം. വിശ്വാസ കർമ്മാദികളിലെല്ലാം വളവു വരുമ്പോൾ അവ നമുക്കുപകാരമായി വർത്തിക്കും. ജീവിതത്തിലെ അലസതകളേയും അശ്രദ്ധകളേയും ദുശ്ശാഠ്യങ്ങളേയും ആത്യന്തികമായി തുരത്താൻ ഉദ്ബോധനങ്ങൾക്കേ കഴിയൂ; കയ്യൂക്കുകൾക്ക് സാധ്യമാവില്ല. അല്ലാഹു പറഞ്ഞു:

‘‘അതിനാൽ (നബിയേ,) നീ ഉൽബോധിപ്പിക്കുക. നീ ഒരു ഉൽബോധകൻ മാത്രമാകുന്നു. നീ അവരുടെ മേൽ അധികാരം ചെലുത്തേണ്ടവനല്ല.’’ (ഗാശിയ: 21, 22)

●